പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3650 — 15.07. 2015 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളെ ക്കുറിച്ചുള്ള കണക്കുകൾ ശേഖരിക്കുന്നത് എങ്ങനെയാണ് എന്ന് വിശദമാക്കാമോ; ഓരോ പ്രദേശത്തും എത്തുന്ന ഇവരുടെ മേൽ വിലാസവും മറ്റും ഏതു വകുപ്പുമായി സഹകരിച്ചാണ് ശേഖരിക്കുന്നത് എന്ന വ്യക്തമാക്കാമോ; | (എ) 1979-ലെ അന്യസംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ, അതിൽ കൂടുതലോ അന്യസംസ്ഥാന തൊഴിലാളി കളെ ജോലി ചെയ്യിപ്പിക്കുന്നതിന് തൊഴിലുടമ/കോൺട്രാക്ടർ എന്നിവർക്ക് രജിസ്ട്രേഷൻ/ലൈസൻസ് എന്നിവ നിർബന്ധിതമാണ്. ഇപ്രകാരം അനുവദിക്കുന്ന ലൈസൻസിലെ വിശദവിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം തൊഴിൽ വകുപ്പ് ശേഖരിച്ച് വരുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം അന്യസംസ്ഥാന തൊഴിലാളികൾക്കായി രജിസ്ട്രേഷൻ നടപ്പിലാക്കി വരുന്നു. ഇപ്രകാരം ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ വിവരത്തിന്റെ അടിസ്ഥാനത്തിലും അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ശേഖരിച്ച് വരുന്നു. തൊഴിൽ വകുപ്പ് മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നില്ല. |
| (ബി) കേരളത്തിലെത്തുന്ന തൊഴിലാളികളിൽ ചിലർ കുറ്റകൃത്യങ്ങൾ ചെയ്ത ശേഷം അപ്രത്യക്ഷരാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങൾ ചെയ്തശേഷം അപ്രത്യക്ഷരാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ